## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1286** — **06.02.2020-ൽ മറുപടി നൽകേണ്ടത്**

**വൊക്കേഷണൽ ഹയർ സെക്കന്ററി ടീച്ചർമാരുടെ നിയമനം**

**ചോദ്യം** — **ശ്രീ.കെ.എസ്.ശബരീനാഥൻ**

**മറുപടി** — **പ്രൊഫ. സി.രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | പതിനാല് വിഷയങ്ങളിലും നിലവിലുള്ള ഹയർസെക്കന്ററി സ്കൂൾ ടീച്ചേഴ്സ് ജൂനിയർ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം മന്ദഗതിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക് നടപ്പിലാക്കി വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ ഹയർ സെക്കന്ററി ആയി മാറുന്ന സാഹചര്യത്തിൽ, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതിന് കാലതാമസം ഉണ്ടാകുവാൻ സാധ്യതയുണ്ടോ; | (ബി) | സംസ്ഥാനത്തുള്ള 389 സർക്കാർ / എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ ഘട്ടം ഘട്ടമായി എൻ.എസ്.ക്യു.എഫ് പാഠ്യപദ്ധതി നടപ്പിലാക്കി വരുന്ന സാഹചര്യത്തിലാണ് വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലാബ് ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികയിലേക്കുള്ള നിയമനം താത്കാലികമായി നിറുത്തിവെയ്ക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. ടി പാഠ്യപദ്ധതി സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പൂർണ്ണമായും നടപ്പിലാക്കുന്ന വേളയിൽ ടി തസ്തികയിലെ ഒഴിവുകളിലെ നിയമനം നടത്തുന്നത് സംബന്ധിച്ച് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (സി) | ഒരേ യോഗ്യത ആവശ്യമായ വൊക്കേഷണൽ ഹയർസെക്കന്ററിയിലെ നോൺ വൊക്കേഷണൽ ടീച്ചർ (എൻ.വി.റ്റി.ജൂനിയർ) തസ്തികയിലേക്ക് നിലവിലുള്ള എച്ച്.എസ്.എസ്.ടി. ജൂനിയർ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി | ഈ വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.